കേരള കാർഷിക സർവകലാശാല
കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനിയറിംഗ് &
ഫുഡ് ടെക്നോളജി, തവനൂർ(പി.ഒ), മലപ്പുറം – 679573(പിൻ)
ഇമെയിൽ:-deanengg@kau.in, kcaet@kau.in; ഫോൺ: 0494 2686214

നമ്പർ : **KCAET/8664/2025-B1** തീയതി : 21-11-2025

## ടെൻഡർ നോട്ടീസ്

ഈ കോളേജിലെ C S S ബിൽഡിംഗിലെ ഫ്ലോറിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് വ്യക്തികളില് നിന്ന് / സ്ഥാപനങ്ങളില് നിന്ന് മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ക്ഷണിച്ചുകൊള്ളുന്നു. പ്രസ്തുത ജോലികളുടെ വിശദവിവരങ്ങളും ആവശ്യമായ മെറ്റീരിയലിന്റെ വിശദ വിവരങ്ങളും താഴെ നല്കുന്നു.

| ക്രമ നമ്പര് | ജോലി / സാധനങ്ങള് | അളവ് |
|---|---|---|
| 1 | CSS ബിൽഡിംഗിന്റെ മുന് ഭാഗത്തെ പടവുകള് ഗ്രാനൈറ്റ് പതിക്കുക | 120 sq. ft |
| 2 | CSS ബിൽഡിംഗിന്റെ പിന് ഭാഗത്തെ പടവുകളില് ഫുള് ബോഡി ടൈല്സ് പതിക്കുക | 70 sq. ft |
| 3 | നിലവില് മൊസൈക് പതിച്ച തറയുടെ ഫിനിഷിംഗ് ജോലികള് (നിലം ക്ലീനിംഗ്, വൈറ്റ് സിമെന്റ് ഫിക്സിംഗ്, സിക്സ് സ്റ്റേജ് ഗ്രൈന്ഡിംഗ്, വാക്സ് & ഓയില് പോളിഷ്, skirting) | 1800 sq. ft |
| 4 | എക്സിബിഷന് ഹാളിലെ ക്ലീനിംഗ്, പാച് വര്ക്ക്, വാക്സ് പോളിഷ് | 400 sq. ft |
| 5 | വര്ക്ക് ഷോപ്പ് ഏരിയയിലെ ക്ലീനിംഗ്, പാച് വര്ക്ക് | 900 sq. ft |

### വ്യവസ്ഥകളും നിബന്ധനകളും

1. ടെൻഡർ സമർപ്പിക്കുന്ന വ്യക്തി/ സ്ഥാപനങ്ങൾക്ക് സ്വന്തം ലെറ്റർ ഹെഡിൽ ടെൻഡർ സമർപ്പിക്കാവുന്നതാണ്. ടെൻഡർ സമർപ്പിക്കുന്ന വ്യക്തി/ സ്ഥാപനം നിരത ദ്രവ്യമായി 1500 രൂപ ചെക്ക് / ഡി ഡി / ബാങ്ക് ഗ്യാരണ്ടി ആയി ടെണ്ടറിനൊപ്പം സമര്പ്പിക്കേണ്ടതാണ്.
2. ടെൻഡർ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം മേൽ സൂചിപ്പിച്ച ക്രമ നമ്പര് 1 മുതല് 5 വരെയുള്ള ഓരോ ജോലികളും ചെയ്യുന്നതിന് വേണ്ട സാധനങ്ങളുടെ വിലയും ലേബർ ചാർജ്ജും വെവ്വേറെ കാണിക്കേണ്ടതാണ്.
3. **1 മുതല് 5 വരെയുള്ള ജോലികള്ക്ക് മൊത്തമായി ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടര് സ്വീകരിക്കുന്നതാണ്.**
4. ടെൻഡർ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം 200/- രൂപ വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്.
5. ടെൻഡർ 2/12/2025 ന് 12.00 P.M നുള്ളിൽ എത്തിക്കേണ്ടതും അന്നേ ദിവസം 12.30 P.M ന് തന്നെ ടെൻഡർ തുറക്കുന്നതാണ്.
6. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല
7. ടെൻഡർ സമർപ്പിക്കുന്ന കവറിന് പുറത്ത് "KCAEFT യിലെ CSS ബിൽഡിംഗിന്റെ ഫ്ലോറിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള ടെണ്ടര്" എന്ന് എഴുതി ഡീൻ, കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളജി, തവനൂർ എന്ന

വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

8. ടെൻഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിച്ചതിന് ശേഷം അവരുടെ മേൽ നോട്ടത്തിൽ മാത്രമേ ജോലികൾ ചെയ്യാവൂ.
9. ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി/സ്ഥാപനം 200 രൂപ സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് നൽകേണ്ടതും സുരക്ഷിത നിക്ഷേപമായി രേഖപ്പെടുത്തിയ നിരക്കിന്റെ 5% DD ആയി ഒടുക്കേണ്ടതുമാണ്. ഇത് ഒരു വർഷത്തിന് ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തിരികെ നൽകുന്നതായിരിക്കും.
10. സാധനങ്ങൾ വാങ്ങിയതിന്റെ അസ്സൽ ടാക്സ് ഇൻവോയിസ് ഫൈനൽ വർക്ക് ബില്ലിനൊപ്പം സമർപ്പിക്കേണ്ടതാണ്.
11. ടെൻഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ബന്ധപ്പെട്ട മേലധികാരി നിർദ്ദേശിക്കുന്ന സമയക്രമത്തിനുള്ളിൽ ജോലി പൂർത്തികരിക്കേണ്ടതാണ്.
12. ടെൻഡർ ലഭിക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് ഒരു കാരണവശാലും പണം മുൻകൂറായി അനുവദിക്കുന്നതല്ല.
13. യാതൊരു കാരണവും കാണിക്കാതെ തന്നെ ടെൻഡർ മാറ്റിവെക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.
14. സർക്കാർ ടെൻഡറിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ടെൻഡറിന് ബാധകമാണ്.
15. അനുവദനീയമായ നിരക്കിലുള്ള ഇൻകംടാക്സ് ഈടാക്കുന്നതാണ്.
16. ടെൻഡർ സമർപ്പിക്കുന്ന വ്യക്തിക്ക്/ സ്ഥാപനത്തിന് സ്വന്തമായി ബാങ്ക് അക്കൗണ്ടും, പാൻകാർഡും ഉണ്ടായിരിക്കേണ്ടതാണ്. GST രജിസ്ട്രേഷൻ ഉണ്ടെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്.

Signed by
Jayan P R
Date: 21-11-2025 14:33:38

Dr. JAYAN P R.
DEAN OF FACULTY (AGRICULTURAL ENGINEERING)

പകർപ്പ് : കെ.എ.യു വെബ്സൈറ്റ്/ കെ.സി.എ.ഇ.എഫ്.ടി വെബ്സൈറ്റ്/ നോട്ടീസ് ബോർഡ്